# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

***(Under the Holy Apostolic See of Antioch and All the East)*** **Reg.No.ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
**Puthencruz P.O. Ernakulam Dist.,**
**Kerala state, Pin.- 682 308,**
**Fax & Phone : 0484 -2730150**
**General Secretary. Personal - 9745046911**

**No. M/C/006/ 2019**

**Date: 11-06-2019**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

എം.ജെ.എസ്.എസ്.എ. യുടെ വാർഷിക പൊതുയോഗം ഏറെ അനുഗ്രഹകരമായി 08.06.19-ൽ നടന്നുവല്ലൊ. പുതിയ പ്രസിഡന്റായി നി.വ.ദി.ശ്രീ.ഡോ. മാത്യൂസ് മോർ അന്തീമോസ് മെത്രാപ്പോലിത്തായെ 05.06.19 -ൽ ചേർന്ന പരി.എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയപ്രകാരം നിയോഗിക്കുകയും ആയത് എം.ജെ.എസ്.എസ്.എ. യുടെ വാർഷിക പൊതുയോഗം ഐകകണ്ഠ്യേന അംഗീകരിച്ചു തീരുമാനമെടുക്കുകയും ചെയ്തിട്ടുള്ളതാണെന്ന വിവരവും സന്തോഷപൂർവ്വം അറിയിക്കട്ടെ. 2012 മുതൽ 19 വരെ 7 വർഷക്കാലമായി നി.വ.ദി.ശ്രീ. മാത്യൂസ് മോർ അഫ്രേം മെത്രാപ്പോലിത്ത തിരുമനസ്സുകൊണ്ട് ഈ മഹാപ്രസ്ഥാനത്തിന്റെ പ്രസിഡന്റായി നമുക്കു നേതൃത്വം നൽകുകയും ഒട്ടനവധി പുതിയ പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനു ദൈവം ഇടയാക്കുകയും ചെയ്തതിനെ ഓർത്തു നമുക്കു ദൈവത്തെ സ്തുതിക്കാം. പാഠപുസ്തകങ്ങൾ, ജെ.എസ്.വി.ബി.എസ് പാഠ്യപദ്ധതി, എന്നിവയുടെ പരിഷ്ക്കരണം ക്യാമ്പ്സൈറ്റ് നിർമ്മാണം, ബസ്സേലിയോസ് തോമസ് അക്കാഡമി ഓഫ് എക്സലൻസ്, പരീക്ഷ സംമ്പ്രദായത്തിൽ വരുത്തിയ പരിഷ്കരണം, ആത്മദീപം വരിക്കാരുടെ വർദ്ധനവ്, ചാരിറ്റി പ്രവർത്തനങ്ങൾ, ശതാബ്ദി ആഘോഷങ്ങൾ തുടങ്ങിയവ അവയിൽ ചിലത് മാത്രമാണ്. പുതിയ നേതൃത്വത്തിൽ നമ്മുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ദൈവാശ്രയത്തോടെ നമുക്കു മുന്നോട്ടു പോകാം.

എം.ജെ.എസ്.എസ്.എ യുടെ ദേശീയ വാർഷിക സമ്മേളനത്തിൽ എം.ജെ.എസ്.എസ്.എ വൈസ്പ്രസിഡന്റ് ഫാ.സാബു സാമുവേൽ അദ്ധ്യക്ഷത വഹിച്ചു. അഭി.ഡോ.മാത്യൂസ് മോർ അന്തീമോസ് തിരുമേനി സമ്മേളനം ഉദ്ഘാടനം ചെയ്തു. 50 വർഷം സേവനം പൂർത്തിയാക്കിയ അദ്ധ്യാപകർക്ക് “ഗുരുശ്രേഷ്ഠ” അവാർഡ് നൽകി ആദരിച്ചു. റാങ്ക് ജേതാക്കൾക്കും, അദ്ധ്യാപകർക്കും മറ്റ് അവാർഡ് ജേതാക്കൾക്കും മെമന്റോകളും, ക്യാഷ് അവാർഡുകളും അഭി. തിരുമനസ് നൽകുകയുണ്ടായി. എം.ജെ.എസ്.എസ്.എ.യുടെ 46-ാ മതു വാർഷിക പൊതുയോഗം ചേർന്നു. എം.ജെ.എസ്.എസ്. എ യുടെ പ്രസിഡന്റായി അഭി. മാത്യൂസ് മോർ അന്തീമോസ് തിരുമേനിയെ പരി.എപ്പിസ്ക്കോപ്പൽ സിനഡ് നിശ്ചയിച്ച് നിയോഗിച്ചത് യോഗം ഐകകണ്ഠ്യേന അംഗീകരിക്കുകയും തിരുമേനിയുടെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ തുടരുകയും ചെയ്തു. യോഗത്തിൽ അജണ്ട അനുസരിച്ചുള്ള കാര്യപരിപാടികളും തീരുമാനങ്ങളും ഉണ്ടായി. പൊതുയോഗം കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ താഴെ ചേർക്കുന്നു.

1. ബെസ്റ്റ് സൺഡേസ്കൂൾ, സെക്കന്റ് ബെസ്റ്റ് സൺഡേസ്കൂൾ എന്നിവരെ തെരഞ്ഞെടുക്കുന്നതിലേക്കു ഭദ്രാസനങ്ങളിൽ നിന്ന് മിനിമം യോഗ്യതയുള്ള രണ്ട് അപേക്ഷകൾ തെരഞ്ഞെടുത്ത് അയക്കേണ്ടതാണ്.
2. 2019 കലോൽസവത്തിനു പരിഷ്കരിച്ച ആരാധനാഗീതങ്ങൾ, തങ്കവാക്യങ്ങൾ എന്നിവയാണ് ഉപയോഗിക്കേണ്ടത്.
3. മൈലാപ്പൂർ ഡയറക്ടറേറ്റ് ആരംഭിക്കുന്നതിനും ആവശ്യമെങ്കിൽ മറ്റ് ഭദ്രാസനങ്ങളിലും ഡയറക്ടറേറ്റുകൾ രൂപീകരിക്കാവുന്നതാണ്.
4. പരീക്ഷ രജിസ്ട്രേഷൻ ഫീസ് 25/ക എന്നത് 40/ക യും പ്രൈവറ്റ് രജിസ്ട്രേഷൻ ഫീ 50/ക എന്നത് 100/ക ആക്കിയും വർദ്ധിപ്പിച്ച് ഈ വർഷം മുതൽ നടപ്പിലാക്കുവാനും, അസോസിയേഷൻ ഫണ്ട്, പെൻഷൻ ഫണ്ട് എന്നിവ 200/-ക വീതം ആക്കി വർദ്ധിപ്പിക്കുന്നതിനും ആയത് 2020 വർഷം മുതൽ നടപ്പിലാക്കുവാനും തീരുമാനിച്ചു.
5. കൂപ്പൺ കളക്ഷൻ കണക്കുകൾ 2019 ജൂലൈ 31-നകം പൂർത്തിയാക്കി എം.ജെ.എസ്.എസ്.എ. ക്ക് നൽകേണ്ടതാണെന്നും അപ്രകാരം ചെയ്യാത്തവരുടെ പേരിൽ മേൽനടപടികൾ സ്വീകരിക്കുന്നതിനും തീരുമനിച്ചു.
6. പരിഷ്കരിച്ച 1 മുതൽ 6 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളിലെ തെറ്റുകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ആവശ്യമായ വർക്ക്ഷോപ്പുകൾ ഡിസ്ട്രിക്റ്റ്, ഭദ്രാസന തലങ്ങളിൽ നടത്തി അതു സംബന്ധിച്ച റിപ്പോർട്ടുകൾ കേന്ദ്രത്തിൽ ലഭിക്കുന്നതിനും തുടർന്ന് കേന്ദ്രതലത്തിൽ വർക്ക് ഷോപ്പ് നടത്തി തെറ്റുകൾ ഉണ്ടെങ്കിൽ അവ കറക്റ്റ് ചെയ്തു പുസ്തകം പ്രിന്റു ചെയ്യേണ്ടതാണെന്നും തീരുമാനിച്ചു. ടി ക്ലാസ്സുകളുടെ വർക്ക്ബുക്ക് ഈ വർഷത്തിൽ പൂർത്തീകരിക്കുവാനും ഹാൻഡ് ബുക്ക് തയ്യാറാക്കുന്നതിനും തീരുമാനിച്ചു.
7. പരീക്ഷ ഗ്രേഡിംഗ് സമ്പ്രദായം തൽക്കാലം നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

*മറുപുറം*

8. 2019-20 വർഷത്തെ ആഡിറ്റർമാരായി താഴെ പറയുന്നവരെ തെരഞ്ഞെടുത്തു.

1. ശ്രി. സിജു ടി. പോൾ, തടയാലിൽ, രായമംഗലം, കുറുപ്പംപടി
2. ശ്രി. റെജി ജോൺ, എടമ്പാടത്ത്, കാഞ്ഞിരമറ്റം, മുളന്തുരുത്തി

9. 2020-ൽ നടക്കുന്ന തെരഞ്ഞെടുപ്പിലേക്കുള്ള മുഖ്യവരണാധികാരിയായി ശ്രി.ജോർജ് ജോസഫ്, മെക്കാട്ടിൽ, തൃക്കളത്തൂർ, സഹവരണാധികാരികളായി ശ്രി.റോയി പി.ഏലിയാസ്, പള്ളിപ്പാട്ട്, കാരിമറ്റം, ശ്രി.കെ.വി.ജോസ്, കാഞ്ഞിരത്തിങ്കൽ, തുരുത്തിക്കര എന്നിവരേയും തെരഞ്ഞെടുത്തു.

10. യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത് ഡിപ്പ്ളോമ കോഴ്സ് എം.ജെ.എസ്.എസ്.എ. യിൽ ആരംഭിക്കുന്നതിന് നിശ്ചയിച്ചു.

യോഗ നടപടികൾ വൈകിട്ടു 4.30 ന് പ്രാർത്ഥനയോടെ സമാപിക്കുകയും ചെയ്തു.

**വാർഷിക പരീക്ഷ :** വാർഷിക പരീക്ഷ രജിസ്ട്രേഷൻ ഈ വർഷം ഓൺ ലൈൻ ആണെന്ന വിവരം അറിയാമല്ലൊ. ആയതിലേക്കുള്ള User name, Password എന്നിവ ഹെഡ്മാസ്റ്റർമാർ, ഡി. ഇൻസ്പെക്ടർമാർ എന്നിവർക്ക് ഇതിനകം അയച്ചിട്ടുള്ളതാണ്. ലഭിക്കാത്തവർ ഉടൻ എം.ജെ.എസ്.എസ്.എ. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ജൂലൈ 31 നകം, ഹെഡ്മാസ്റ്റർമാരും, ആഗസ്റ്റ് 31 നകം ഡി.ഇൻസ്പെക്ടർമാരും രജിസ്ട്രേഷൻ നടപടികൾ നിർബന്ധമായും പൂർത്തിയാക്കിയിരിക്കണം. സൺഡേസ്കൂൾ തലങ്ങളിൽ രജിസ്ട്രേഷനുള്ള 'A' list എം.ജെ.എസ്.എസ്.എ. യുടെ സൈറ്റിൽ നിന്നോ, ഓഫീസിൽ നിന്ന് നേരിട്ടോ കളക്റ്റു ചെയ്യാവുന്നതാണ്. ആഗസ്റ്റ് 31 നകം പേരുകൾ രജിസ്റ്റർ ചെയ്യാത്ത സ്കൂളിന് രജി. ഫീസിനു പുറമെ 100 രൂപ അടച്ചാൽ സെപ്തംബർ 30 വരെ രജിസ്ട്രേഷൻ നടത്താവുന്നതാണ്. സെപ്റ്റംബർ 30-നു ശേഷം രജിസ്ട്രേഷൻ ഫീസിനു പുറമെ കൂട്ടി ഒന്നിന് 250 രൂപ കൂടുതലായി അടച്ചാൽ ഒക്ടോബർ 31 വരെയും അത്യാവശ്യ സന്ദർഭത്തിൽ നവംബർ 1 നു ശേഷം ഫീസിനു പുറമേ കൂട്ടി ഒന്നിന് 500 രൂപ വീതം കൂടുതലായി അടച്ച് രജിസ്ട്രേഷൻ നടത്താവുന്നതാണ്.

**കലോത്സവം :** ഈ വർഷം മുതൽ +2 കുട്ടികൾക്കു ബൈബിൾ ക്വിസ് മത്സരം ഉള്ള വിവരം അറിയിക്കുന്നു. അതോടൊപ്പം പരിഷ്കരിച്ച ആരാധനഗീതങ്ങൾ, തങ്കവാക്യങ്ങൾ എന്നിവയാണ് ഈ വർഷത്തെ കലോൽസവത്തിനു ഉപയോഗിക്കേണ്ടതെന്നും അറിയിക്കുന്നു. പുസ്തകങ്ങൾ എം.ജെ.എസ്.എസ്.എ. ബുക്ക്ഡിപ്പൊ - യിൽ നിന്നും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾ ആത്മദീപം ജൂൺ ലക്കത്തിൽ നിന്നും ലഭ്യമാണ്. വിശദമായ കലോത്സവ സർക്കുലർ ഉടൻ അയക്കുന്നതാണ്.

**എം.ജെ.എസ്.എസ്.എ. കലോത്സവ ശിൽപശാല :** കലോത്സവ മത്സരങ്ങളിൽവിധികർത്താക്കളായി, പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവരും, പങ്കെടുത്തുകൊണ്ടിരിക്കുന്നവരുമായ അഭിരുചിയുള്ള അദ്ധ്യാപകർക്കായി ഒരു കലോത്സവ ശിൽപശാല എം.ജെ.എസ്.എസ്.എ. കേന്ദ്ര ആസ്ഥാനത്തു 2019 ജൂലൈ 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ നടത്തപ്പെടുന്നു. പുതിയ ആരാധനാഗീതങ്ങൾ മത്സരത്തിന് നിലവിൽ വന്നതിനാൽ ഓരോ സൺഡേസ്കൂളിൽ നിന്നും കുറഞ്ഞത് 3 അദ്ധ്യാപകരെങ്കിലും വന്ന് ഈ ശില്പശാലയിൽ പങ്കെടുക്കുകയും അത് മനസിലാക്കി ഓരോ സൺഡേസ്കൂളിലും പ്രാവർത്തികമാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**ദേശീയ അദ്ധ്യാപക നേതൃത്വ പരിശീലന ക്യാമ്പ് :** ആഗസ്റ്റ് 10,11 തീയതികളിൽ കോഴിക്കോട് ഭദ്രാസനത്തിലെ വേളംകോട് സെന്റ് മേരീസ് യാക്കോബായ സുറിയാനി സുനോറോ, തീർത്ഥാടന കേന്ദ്രം പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു. രജി.ഫീസ് ഒരാൾക്ക് Rs.200/-. കുറഞ്ഞത് രണ്ട് അദ്ധ്യാപകരെയെങ്കിലും ക്യാമ്പിൽ അയക്കുവാൻ സൺഡേസ്കൂൾ പ്രവർത്തകർ ശ്രദ്ധിക്കണം.

**അന്തർദേശീയ അദ്ധ്യാപക സംഗമം ബാംഗ്ലൂരിൽ :** ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി 2019 ഒക്ടോബർ മാസത്തെ പൂജ അവധികാലത്ത് (ഒക്ടോബർ 6,7) ബാംഗ്ലൂർ ഭദ്രാസനത്തിൽ, **ടീ ജോൺ** കോളേജിൽ ഒരു അദ്ധ്യാപക സംഗമം നടത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു. ഓരോ സൺഡേസ്കുളിൽ നിന്നും കുറഞ്ഞത് അഞ്ച് അദ്ധ്യാപകരെങ്കിലും അതാതു പള്ളികളുടെ ചിലവിൽ വന്നു സംബന്ധിച്ച് സംഗമം വൻ വിജയമാക്കുവാൻ ശ്രദ്ധിക്കണം. സൺഡേസ്കൂളുകൾ ആയതിനുള്ള ആലോചനകളും ക്രമീകരണങ്ങളും മുൻകൂട്ടി എടുക്കുമല്ലോ. കൽപനകളും കത്തുകളും പിന്നീട് അയച്ചു തരുന്നതാണ്.

എം.ജെ.എസ്.എസ്.എ യുടെ പുരോഗതിക്കാവശ്യമായ എല്ലാ സഹായ സഹകരണങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**എന്ന്**

**സ്നേഹാദരങ്ങളോടെ**
**ഷെവ. എം.ജെ.മർക്കോസ്**
**ജനറൽ സെക്രട്ടറി**